സഹകരണ റിസ്ക് ഫണ്ട്

8 (*428) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്കായി ആവിഷ്ക്കരിച്ച സഹകരണ റിസ്ക്ക് ഫണ്ടിന്റെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) വായ്പ എടുത്ത ആൾ മരണപ്പെട്ടതിനെ തുടർന്ന് കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ എത്ര രൂപയുടെ ബാധ്യത എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനകം എത്ര സഹകരണ സംഘങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് ;

(ഡി) എല്ലാ സഹകരണ വായ്പാ സംഘങ്ങളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷികവും കാർഷികേതരവും (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപവും ഒഴികെ) ആവശ്യങ്ങൾക്ക് വായ്പ എടുത്തിട്ടുള്ളതും, വായ്പക്കാരന് 65 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് തിരിച്ചടവ് കാലാവധി അവസാനിക്കുന്നതും, കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതിയിൽ അംഗമായിട്ടുള്ളതുമായ വായ്പക്കാരൻ വായ്പക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാൻ മരണപ്പെടുന്ന ദിവസം ടിയാന്റെ വായ്പാ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള വായ്പ മുതൽ തുകയും, ടി തുകയുടെ പലിശയും കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും നൽകി ടിയാന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്.

വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷികവും കാർഷികേതരവും (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെ) ആവശ്യങ്ങൾക്ക് എടുക്കുന്ന വായ്പാ തുകയുടെ 2% എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞത് 50 രൂപയും, പരമാവധി 250 രൂപയും വായ്പ നൽകുന്നതിനുമുമ്പ് ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പക്കാരനിൽ നിന്നും ഈടാക്കി കേരള സഹകരണ റിസ്ക്ക് ഫണ്ടിൽ ഒടുക്കുന്ന തുകയും, സർക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്/സംഭാവനയും ഉൾപ്പെടുന്നതാണ് കേരള സഹകരണ റിസ്ക്ക് ഫണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി 1-4-2008 മുതലാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയുടെ നടത്തിപ്പിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കേരള സഹകരണ റിസ്ക്ക് ഫണ്ടിന്റെ മാനേജർ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലെ സെക്രട്ടറിയാണ്.

(ബി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ 1,31,14,274.25 രൂപയുടെ ബാദ്ധ്യത എഴുതിത്തള്ളിയിട്ടുണ്ട്.

(സി) ഇതിനകം 1112 വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഡി) എല്ലാ വായ്പാ സഹകരണസംഘങ്ങളിലും/ബാങ്കുകളിലും കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

9 (*429) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫാമുകളിൽ വിത്തു ശേഖരണത്തിനും, വിത്തു സംസ്ക്കരണത്തിനും ആവശ്യമായ സൗകര്യം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാമുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ഇ) നടീൽ വസ്തുക്കളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) സംസ്ഥാനത്തെ മുഴുവൻ കൃഷി ഫാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ ആകെ 61 ഫാമുകളാണ് ഉള്ളത്. ഇവയിൽ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളും 10 ജില്ലാ കൃഷി ഫാമുകളും 10 സ്പെഷ്യൽ ഫാമുകളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly